# GOVERNMENT OF KERALA

**Abstract**

IAS – TRANSFER AND POSTING OF IAS OFFICER - ORDERS ISSUED.

## GENERAL ADMINISTRATION (AIS A) DEPARTMENT

G.O.(Rt)No.114/2025/GAD Dated,Thiruvananthapuram, 09-01-2025

Read : G.O(P)No. 546/80/GAD dated 01.12.1980.

**ORDER**

The service of Dr. B Ashok IAS (KL 1998), Agricultural Production Commissioner & Principal Secretary(Agriculture) is placed at the disposal of Local Self Government Department for being appointed as Local Self Government Reforms Commission.The post of Local Self Government Reforms Commission is declared equivalent in status and responsibility of the cadre post of Principal Secretary to Government in Above Super Time Scale of IAS in the pay scale of level 15 in the Pay Matrix Table (Pay Range Rs.182200- 224100), as per Rule 12 of IAS (Pay) Rules, 2016. The deputation will be governed by the terms and conditions prescribed in the Government Order read above.

(By order of the Governor)
SARADA MURALEEDHARAN I A S
CHIEF SECRETARY

To

1. Dr. B Ashok IAS, Agriculture Production Commissioner.
2. The Secretary, Ministry of Personnel, Public Grievances & Pensions, Department of Personnel & Training, Government of India, New Delhi.
3. The Local Self Government Department/Agriculture Department
4. The General Administration (SC) Department(vide Item No.2612 dated 08.01.2025)
5. The Information and Public Relations Department.

6. The Web and New Media Division, I&PRD
   (for uploading to www.gadsplais.kerala.gov.in)
7. The General Administration (Co-ordination/Accounts J/Computer Cell/House Keeping/Budget Wing/PABX/Attendance Monitoring Cell/Services-E/Services-C) Departments.
8. Stock file/Office copy(AIS-A1/7/2025-GAD)

Forwarded /By order

Signed by
Suryasree S
Date: 09-01-2025 20:46:54

Section Officer

Copy to:

The Chief Principal Secretary to the Chief Minister
The Private Secretary to the Chief Minister.
The Private Secretary to the Minister(Agriculture)
The Officer on Special Duty, Office of the Chief Secretary.
PA to Principal Secretary, Local Self Government Department
PA to the Additional Secretary-I, General Administration (AIS) Department.
CA to the Additional Secretary-II, General Administration (AIS) Department.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഇനം നം: 2612
O.A.

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കൂടി അടിസ്ഥാനത്തിൽ പരിഷ്കരിക്കാനും, സംതുലിതമായ ഒരു നിലപാട് സ്വീകരിക്കാനും, വികസനസംബന്ധമായ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനും, പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താനും കഴിയുന്ന രീതിയിൽ സമഗ്രമായി പുനഃപരിശോധിക്കാനുള്ള സംവിധാനം ഒരുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

അഡീഷണൽ സെക്രട്ടറി, പൊതുഭരണ (എ.ഐ.എസ്.) വകുപ്പ്.

2612- **O.A**

(08.01.2025)

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, മാർഗനിർദ്ദേശങ്ങൾ തുടങ്ങിയവ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കൂടി അടിസ്ഥാനത്തിൽ പരിഷ്കരിക്കാനും സന്തുലിതമായ ഒരു നിലപാട് സ്വീകരിക്കാനും വികസന സംബന്ധമായ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താനും കഴിയുന്ന രീതിയിൽ സമഗ്രമായി പുനഃപരിശോധിക്കാനുള്ള സംവിധാനം ഒരുക്കുക എന്നുള്ളത് നിലവിലെ സാഹചര്യത്തിൽ അനിവാര്യമാണ്. ഇക്കാര്യത്തിൽ വളരെക്കാലമായി പരിഷ്കരണ നടപടികളൊന്നും ഉണ്ടായിട്ടില്ല. ഈ ഉദ്ദേശ്യത്തോടെ താഴെ പറയുന്ന ടേംസ് ഓഫ് റഫറൻസ് നൽകി തദ്ദേശസ്വയംഭരണ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം തീരുമാനിക്കേണ്ടതുണ്ട്.

**ടേംസ് ഓഫ് റഫറൻസ്**

1. തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, മാർഗനിർദ്ദേശങ്ങൾ തുടങ്ങിയവ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കൂടി അടിസ്ഥാനത്തിൽ പരിഷ്കരിക്കുക. ഇക്കാര്യത്തിൽ സന്തുലിതമായ ഒരു നിലപാട് സ്വീകരിക്കാനും വികസന സംബന്ധമായ കാര്യങ്ങൾ മുന്നോ

ട്ടുകൊണ്ടുപോകാനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താനും കഴിയുന്ന രീതിയിൽ പുനഃപരിശോധിച്ച് ശിപാർശകളും നിർദ്ദേശങ്ങളും സമർപ്പിക്കുക.

2. സേവനങ്ങൾ ജനങ്ങളുടെ അവകാശമാണ് എന്ന നയമാണ് സർക്കാരിനുള്ളത്. ഇത് മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരമാവധി സേവനങ്ങൾ ഓഫീസ് സന്ദർശിക്കാതെ ജനങ്ങളിലെത്തിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ.
3. രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും മാർഗനിർദ്ദേശങ്ങളും കൂടി പരിശോധിച്ച് സ്വീകരിക്കാവുന്ന ഗുണകരമായ കാര്യങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം നിർദ്ദേശിക്കുക.
4. അന്തർദേശീയതലത്തിൽ സ്വീകരിക്കാവുന്ന മാതൃകകൾ ഉണ്ടെങ്കിൽ അവ നിർദ്ദേശിക്കുക.
5. ഡിജിറ്റലൈസേഷനും മൊബൈൽ ആപ്പുകളും ഇ-ഓഫീസ് സംവിധാനവും ഉൾപ്പെടെ ആധുനിക സാങ്കേതികവിദ്യ നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ, മാന്വലുകൾ, ചട്ടങ്ങൾ എന്നിവയിൽ വരുത്തേണ്ട ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുക.
6. നിലവിലുള്ള റെഗുലേറ്ററി സംവിധാനത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

7. പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലെ നിർവ്വഹണശേഷി പര്യാപ്തമായ ഫണ്ട് ലഭ്യത കൂടി മുന്നിൽ കണ്ടുകൊണ്ട് അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കുക.
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അർബൻ ലോക്കൽ ഗവൺമെന്റുകളുടെയും സേവനങ്ങൾ കൂടുതൽ ജനസൗഹൃദ മാക്കാനും അവയുടെ വിഭവങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങളും അതിനാവശ്യമായ മാർഗരേഖകളും ശിപാർശ ചെയ്യുക.
9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ തട്ടുകളിലും ഭരണഘടനയുടെ ഷെഡ്യൂൾ 11, 12 നു കീഴിൽ വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുന്ന ഡാറ്റാധിഷ്ഠിത തീരുമാനങ്ങളെടുക്കുന്നതിനുള്ള ആർക്കി ടെക്ചർ നിർദ്ദേശിക്കുക.

## ഓഫീസും സ്റ്റാഫും

തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ പുനർവിന്യാസം വഴി നിയോഗിക്കണം. ഇതിന്റെ ഭരണ വകുപ്പ് എൽ.എസ്.ജി.ഡി ആയിരിക്കും. ടൂറിസം വകുപ്പ് ആവശ്യമായ വാഹനവും ഡ്രൈവറെയും നൽകണം. ഇതിന്റെ ചെലവ് നിലവി ലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ അധിക തുക നൽകിയോ ന്യൂ സർവ്വീസ് പ്രൊസ്യൂജിയർ വഴിയോ ഒരുക്കുന്നതിന് ധനകാര്യവ കുപ്പ് നടപടി സ്വീകരിക്കണം. കമ്മീഷന്റെ കാലാവധി ഒരു വർഷ മായിരിക്കും.

റിപ്പോർട്ട് ഓരോ ഭാഗവും പൂർത്തിയാകുന്ന മുറയ്ക്ക് ഇട ക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാൻ നിർദ്ദേശിക്കാവുന്ന താണ്.

ഇതിനായി പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ആൾ ഇന്ത്യ സർവ്വീസ് ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട കാര്യം

1. മേൽപറഞ്ഞ പ്രകാരം ഒരു കമ്മീഷനെ നിയമിച്ച് ചുമതലകൾ കമ്മീഷനെ ഏൽപ്പിക്കാനും ഉദ്യോഗസ്ഥരെയും മറ്റ് ഓഫീസ് സംവിധാനവും ഒരുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെയും ഐ.എം.ജിയെയും ചുമതലപ്പെടുത്താമോ?
2. പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ബി. അശോക് ഐ.എ. എസിനെ സ്ഥലംമാറ്റി കമ്മീഷനായി നിയമിക്കാൻ ആവശ്യ മായ നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെ ടുത്താമോ?

* * *